II ഇ.ബി. XIV - കേരള നിയമസഭ/XV-4

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂൺ 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9 (*91) പൊതുവിദ്യാലയങ്ങൾ കൈവരിച്ച മികവ്

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമൂഹ പങ്കാളിത്തത്തോടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നുണ്ടെന്നും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിലൂന്നിയുള്ള പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതു പങ്കാളിത്തം

ഉറപ്പാക്കുന്നതിനും കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും പി.ടി.എ., പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഭാഷാ വികാസത്തിനുമായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നിവയും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ' പദ്ധതിയും നടപ്പാക്കുന്നതോടൊപ്പം ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിത പഠനങ്ങൾ മികവാർന്നതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ടെന്നും കുട്ടികളുടെ വൈഭവം കണ്ടെത്തുന്നതിനായി 'ടാലന്റ് ലാബ്' എന്ന ആശയം പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ഇ-റിസോഴ്സ് ഉറപ്പാക്കുന്നതിനായി സമഗ്ര പോർട്ടൽ വികസിപ്പിക്കുകയും പ്രൈമറി സ്കൂളുകളിൽ ഇത് നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ 138 സ്കൂളുകളിലും 3 കോടി രൂപ ധനസഹായത്തോടെ 70 എണ്ണത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും 115 എണ്ണത്തിന്റെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടെന്നും

ബാക്കിയുള്ളവയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പ്രവൃത്തികൾ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും സ്കൂളുകളിൽ ജൈവവൈവിദ്ധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിനുശേഷം സിലബസ്/പാഠപുസ്തക മാറ്റത്തെക്കുറിച്ച് പരിശോധിക്കുമെന്നും പാഠ്യേതര മേഖലയിൽ കുട്ടികൾക്കുള്ള മികവ് വളർത്തിയെടുക്കാൻ ശ്രമിക്കുമെന്നും പ്രീ-സ്കൂൾ മേഖലയിൽ എസ്.സി.ഇ.ആർ.ടി. സഹായത്തോടെ നൂതന ആശയങ്ങൾ വികസിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും പ്ലസ് ടു പഠനം സാദ്ധ്യമാക്കുന്നതിനായി 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ച് അഡ്മിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഒഴിവുള്ള ജില്ലകളിൽ വീണ്ടും അപേക്ഷിക്കുന്നതിനുള്ള അവസരം നൽകുമെന്നും പി.ടി.എ.-മാനേജ്മെന്റ് സഹകരണത്തോടെ ആവശ്യപ്പെടുന്ന വിദ്യാലയങ്ങളിൽ കോ-എഡ്യൂക്കേഷൻ സാർത്ഥകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഒരേ കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളും ഹയർ സെക്കന്ററി സ്കൂളും ഒറ്റ യൂണിറ്റായി പരിഗണിച്ച്

പ്രിൻസിപ്പാളിന്റെ കീഴിൽ പ്രവർത്തിക്കുമെന്നും മാനേജ്മെന്റ് തർക്കമുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിന് ഡി.ഇ.ഒ.മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കിറ്റ്കോയെ ഏൽപ്പിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (*92) <u>പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധനയ്ക്കായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ 3 റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പരിശോധനാഫലം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. പരാതിയുള്ള കേസുകളിന്മേൽ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കാറുണ്ട്. അഴിമതി, കാര്യനിർവ്വഹണത്തിലെ/മേൽനോട്ടത്തിലെ വീഴ്ച, സാമ്പത്തിക നഷ്ടമുണ്ടാക്കൽ തുടങ്ങിയവയ്ക്ക് എഞ്ചിനീയർമാരടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൃത്യനിഷ്ഠയിൽ പുരോഗതിയുണ്ടാകുകയും നിർമ്മാണ സൗന്ദര്യം വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്നും

ദീർഘകാലം നിലനിൽക്കുന്ന നിർമ്മാണരീതിയാണ് അവലംബിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. പൊതുമരാമത്ത് ഡിസൈൻ വിംഗിൽ നിന്നും ഡിസൈൻ തയ്യാറാക്കി കുറ്റമറ്റരീതിയിൽ പാലങ്ങളുടെ പ്രവൃത്തി നടത്തുന്നുണ്ട്. പുതിയ സാങ്കേതിക വിദ്യകളായ milling, Soil stabilization, gabion wall, soil nailing, sherded plastic, കയർ ഭൂവസ്ത്രം, NRMB എന്നിവ ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയവ സാർവ്വത്രികമായി ഉപയോഗിച്ചു വരികയാണെന്നും തെരഞ്ഞെടുത്ത റോഡുകളിൽ ബാംഗ്ലൂർ മോഡൽ വൈറ്റ് ടോപ്പിംഗ് സർഫസ് നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പി.ഡബ്ല്യൂ.ഡി.-യിലെ എഞ്ചിനീയർമാരാണ് കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് ഡിസൈൻ തയ്യാറാക്കുന്നത്. പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരികയാണെന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മറ്റേതെങ്കിലും നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആക്ഷേപമുണ്ടായാൽ പ്രാഥമികാന്വേഷണം നടത്തി വീഴ്ച കണ്ടെത്തുന്നപക്ഷം തുടരന്വേഷണത്തിനായി വിജിലൻസിന് കൈമാറുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. പൊതുമരാമത്ത് വകുപ്പിലെ വ്യാപക അഴിമതിയെക്കുറിച്ച് പഠനം

നടത്തി വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോ സമർപ്പിച്ച റിപ്പോർട്ടിന്മേൽ മുൻ സർക്കാരിന്റെ കാലത്ത് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ലെന്നും അതിന്റെ ദുരന്തഫലമാണ് പാലാരിവട്ടം പാലത്തിന് സംഭവിച്ചതെന്നും അതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

11 (*93) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ 2016-17-ൽ 800 പേർക്ക് ഭവന നിർമ്മാണത്തിനായി രണ്ട് മുതൽ മൂന്ന് സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും 663 പേർ സ്ഥലം വാങ്ങിയിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് നാല് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് പത്ത് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രകാരം 127 പേർ സ്ഥലം

വാങ്ങുകയും 112 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരത്തെ മുട്ടത്തറയിൽ 3.5 ഏക്കർ സ്ഥലത്ത് 192 ഫ്ലാറ്റുകൾ നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടെന്നും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 772 മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനായി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18-ൽ 150 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്നും റീബിൽഡ് കേരളയുടെ ഭാഗമായ സ്പെഷ്യൽ പാക്കേജ് നിലവിൽ വരുന്നതോടെ മത്സ്യത്തൊഴിലാളികളെ മുഴുവൻ പുനരധിവസിപ്പിക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 6 മത്സ്യബന്ധന തുറമുഖങ്ങളുടെ തീരസംരക്ഷണ പ്രവൃത്തികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 145.195 കോടി രൂപയുടെ പദ്ധതി രൂപരേഖയിൽ 82.02 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും

സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും വലിയതുറയിലും ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 43.04 കോടി രൂപയുടെ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും അപ്രൈസൽ റിപ്പോർട്ടിന് വിശദീകരണം നൽകുന്നുണ്ടെന്നും കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുമ്പോൾ പ്രാദേശിക വില നൽകിയാണ് സ്ഥലം ഏറ്റെടുക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1124 മുതൽ 1502 വരെയുള്ള ചോദ്യങ്ങളിൽ 44 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)